ജൈവ പച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നല്കികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജൈവ പച്ചക്കറി കൃഷി രീതികളെ പറ്റി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപുസ്തകം സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ജൈവ രീതിയ്ക്ക് മുൻഗണന നല്കിയാണ് വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവ നടപ്പിലാക്കുന്നത്. ജൈവപച്ചക്കറി സംബന്ധിച്ച ലഘുലേഖകളും പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(സി) ബാധകമല്ല.

**സഹസ്രസരോവരം പദ്ധതി**

125 (3093) ശ്രീ. മല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'സഹസ്രസരോവരം' പദ്ധതി പ്രകാരം എത്ര കുളങ്ങൾ ഏതൊക്കെ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും, ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

സഹസ്ര സരോവർ പദ്ധതി പ്രകാരം RIDF XIX-ൽ ഉൾപ്പെടുത്തി 41 കുളങ്ങൾക്കും RIDF XX-ൽ ഉൾപ്പെടുത്തി 20 കുളങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കോട്ടയം ചിറയുടെ (മലബാർ) പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിന് 208.543 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**വി.എഫ്.പി.സി.കെ. മുഖേന സംഭരിച്ച പച്ചക്കറി**

126 (3094) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എഫ്.പി.സി.കെ. മുഖേന സംസ്ഥാനത്ത് എത്ര രൂപയുടെ, എത്ര ടൺ പച്ചക്കറി വിൽപ്പന നടത്തി ; കഴിഞ്ഞ വർഷത്തെ കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വി.എഫ്.പി.സി.കെ. വിൽപന നടത്തിയ പച്ചക്കറിയിൽ കേരളത്തിൽ നിന്നും സംഭരിച്ച പച്ചക്കറി ഉണ്ടോ ; എങ്കിൽ എത്ര ടൺ പച്ചക്കറി സംസ്ഥാനത്ത് നിന്ന് സംഭരിച്ചു ; സംഭരിച്ച സ്ഥലവും, അളവും, നൽകിയ വിലയും, കഴിഞ്ഞ മൂന്നുവർഷത്തെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതേ കാലയളവിൽ വി.എഫ്.പി.സി.കെ. എത്ര ടൺ പച്ചക്കറി അന്യ സംസ്ഥാനത്തുനിന്നും സംഭരിച്ചിട്ടുണ്ട് ; സംഭരിച്ച സ്ഥലവും, അളവും, ചെലവഴിച്ച തുകയും വിശദമാക്കുമോ ;

(ഡി) വി.എഫ്.പി.സി.കെ. മുഖേന വിതരണം ചെയ്യുന്ന പച്ചക്കറി കീടനാശിനി രഹിതമാണെന്നും ഗുണനിലവാരമുള്ളതാണെന്നും ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) വി.എഫ്.പി.സി.കെ. പച്ചക്കറി വില നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി സർക്കാർ സബ്സിഡിയോടെ വിലകുറച്ചു വിൽപ്പന നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ടൺ പച്ചക്കറി ഇപ്രകാരം വിതരണം ചെയ്തു ; എത്ര രൂപ ഇനത്തിൽ സർക്കാർ വി.എഫ്.പി.സി.കെ.-ക്ക് നൽകി ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷകസമിതികൾ മുഖേന 2013-14 സാമ്പത്തിക വർഷം 66.91 കോടി രൂപയുടെ 33779 മെട്രിക് ടൺ പച്ചക്കറികൾ വിപണനം നടത്തിയിട്ടുണ്ട്.

(ബി) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറികൾ സംഭരിക്കുന്നില്ല. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും കർഷക പങ്കാളിത്തത്തോടെ നടത്തുന്ന സ്വാശ്രയകർഷകസമിതികളിൽ എത്തിച്ച് വിപണനം നടത്തുകയാണ് ചെയ്യുന്നത്. പ്രസ്തുത ഉല്പന്നങ്ങൾ ലേലം ചെയ്താണ് വിൽക്കുന്നത്. നമ്മുടെ സംസ്ഥാനത്തു നിന്നുള്ള കർഷകരുടേതല്ലാത്ത പച്ചക്കറികളൊന്നും തന്നെ ഇവിടെ വില്പനയ്ക്കെത്തിക്കാറില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷകസമിതികൾ വഴി വിറ്റഴിച്ച പഴം പച്ചക്കറി ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| വർഷം | ഇക്കം (മെ.ടൺ) | വില (രൂപ കോടിയിൽ) |
|---|---|---|
| 2011-12 | 102893 | 163.71 |
| 2012-13 | 101156 | 222.42 |
| 2013-14 | 92185 | 230.6 |

(സി) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള അന്യ സംസ്ഥാനത്തുനിന്ന് പച്ചക്കറി സംഭരിക്കുന്നില്ല.

(ഡി) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ അംഗങ്ങളായുള്ള കർഷകരുടെ ഉടമസ്ഥതയിലുള്ള സ്വാശ്രയ കർഷകസംഘങ്ങൾ മുഖാന്തിരമാണ് പച്ചക്കറികൾ കൃഷി ചെയ്യുന്നതും വിപണനം നടത്തുന്നതും. Safe to eat തത്വമനുസരിച്ച് രാസകീടനാശിനികളുടേയും രാസവളങ്ങളുടേയും ഉപയോഗം ഒഴിവാക്കി, പരമാവധി ജൈവകൃഷി മുറകൾ അനുവർത്തിച്ച് ഗുണമേന്മയുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സുകളും ചർച്ചകളും സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കാറുണ്ട്. എന്നാൽ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഉണ്ടോ എന്നറിയുന്നതിനുള്ള ലബോറട്ടറി പരിശോധനകൾ നടത്തിയിട്ടില്ല. സംസ്ഥാനത്ത് വെള്ളായണി കാർഷിക കോളേജിൽ മാത്രമാണ് ഇതിനുള്ള ലബോറട്ടറി സംവിധാനമുള്ളത്. പ്രസ്തുത ലാബിൽ പരിശോധനയ്ക്കായി കൃഷിയിടത്തിൽ നിന്ന് എടുക്കുന്ന പച്ചക്കറികളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കർഷകരുടെ ഉല്പന്നങ്ങളും ഉൾപ്പെടുന്നുണ്ട്.

(ഇ) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറി വില നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി സർക്കാർ സബ്സിഡിയോടെ വില കുറച്ച് വില്പന നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ഇക്കം (മെ.ടൺ) | സർക്കാരിൽ നിന്ന് ലഭിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2013 ഓണം ഫെയർ | 5080 | 125 |
| 2014 ഓണം ഫെയർ | 996.487 | 25 |

LIBRARY ARCHIVES Kerala Legislative Assembly